# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

14/03/2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3262

## ജലപാതകളുടെ നിർമ്മാണ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ആൻസലൻ<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. എം. നൗഷാദ്<br>ശ്രീമതി. യു. പ്രതിഭ ഹരി | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| (എ) സംസ്ഥാനത്തെ ജലപാതകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ ജലപാതകളുടെ നിർമ്മാണപുരോഗതി ബഹു. മുഖ്യമന്ത്രി , ബഹു. ജലവിഭവവകുപ്പ് മന്ത്രി , ചീഫ് സെക്രട്ടറി , അഡീഷണൽ ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ പലപ്രാവശ്യം വിലയിരുത്തിയിട്ടുണ്ട്. |
| (ബി) ജലപാതകളുടെ നിർമ്മാണം നിലവിൽ ഏത് കമ്പനിയെയാണ് ഏൽപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള വെസ്റ്റ് കോസ്റ്റ് കനാലിലെ ഉയർന്ന പദ്ധതി ചെലവ് വരുന്ന ഭാഗങ്ങൾ കിഫ്ബിയുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ നിർമ്മാണം പൂർത്തീകരിക്കാൻ ക്വിൽ (കേരള വാട്ടർവേയ്സ് ആൻറ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ്) എന്ന പൊതുമേഖലാ സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) ജലപാതകളുടെ നിർമ്മാണത്തിനായി കിഫ്ബി മുഖേന എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) പാർവ്വതി പുത്തനാർ ഗതാഗതയോഗ്യമാക്കുന്നതിന് 150 കോടി രൂപയും മാഹി - വളപട്ടണം കനാൽ നിർമ്മാണത്തിന് 650 കോടി രൂപയും കിഫ്ബി വഴി അനുവദിക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ